## Mathrubhumi

## 17 June 2018

## : Heavy rain, Dam update



# മഴ കപ്പടിച്ചു; ചെറുകിട അണക്കെട്ടുകൾ നിറഞ്ഞു

**ജോസഫ് മാത്യു**
കൊച്ചി

► കനത്ത മഴയെത്തുടർന്ന് കേരളത്തിലെ ചെറുകിട അണക്കെട്ടുകൾ നിറയുന്നു. ലോകകപ്പ് ഫുട്ബോൾ വ്യാഴാഴ്ച തുടങ്ങാനിരിക്കേ, കെ.എസ്.ഇ.ബി.ക്ക് ഇത് സന്തോഷവാർത്തയാണ്.

പൊരിങ്ങൽ, ലോവർ പെരിയാർ അണക്കെട്ടുകളാണ് നിറഞ്ഞത്. നേര്യമംഗലത്ത് 97 ശതമാനം വെള്ളമായി. പൊൻമുടി അണക്കെട്ടും മൂന്നോ നാലോ ദിവസത്തിനകം നിറഞ്ഞേക്കും.

ഈ സ്ഥലങ്ങളിൽ വൈദ്യുതോത്പാദനംകൂട്ടി വെള്ളം പരമാവധി ഉപയോഗിക്കാനാണ് കെ.എസ്.ഇ.ബി. ശ്രമിക്കുന്നത്. അണക്കെട്ടിലെ വെള്ളം നിറഞ്ഞുകവിഞ്ഞ് പാഴാകാതിരിക്കാൻ ഇത് സഹായിക്കും. വൻകിട അണക്കെട്ടുകളിലെ വെള്ളം അധികം ഉപയോഗിക്കാതെ സംഭരിക്കാനും കഴിയും.

ഇടുക്കിയിൽ രണ്ടാഴ്ചയ്ക്കിടെ പത്തുശതമാനം വെള്ളം കൂടി 35 ശതമാനത്തിലെത്തി. ശബരിഗിരി പദ്ധതിയുടെ ഭാഗമായ പമ്പയിൽ 38 ശതമാനം വെള്ളമായിട്ടുണ്ട്. ഇവിടെയും ജൂൺ ഒന്നിനുശേഷം പത്തുശതമാനം വെള്ളം കൂടി. കേരളത്തിലെ ഏറ്റവും വലിയ ജലവൈദ്യുത പദ്ധതികളാണിവ.

ലോകകപ്പ് തുടങ്ങുന്നതോടെ വൈദ്യുതോപയോഗം ദിവസേന 50-60 മെഗാവാട്ട് കൂടുമെന്നാണ് കണക്ക്. ഇപ്പോഴത്തെ സാഹചര്യത്തിൽ ഇത് സംസ്ഥാനത്തിന് ഒരു പ്രശ്നമേയല്ല. ഇതിനിടെ, മഴയും കാറ്റും കാരണം വൈദ്യുതോപയോഗം കുറഞ്ഞിരിക്കുകയാണ്. കാറ്റിൽ പോസ്റ്റുകൾ വ്യാപകമായി ഒടിഞ്ഞതിനാൽ വിതരണശൃംഖല പലയിടത്തും തകരാറിലാണ്. കഴിഞ്ഞ ഞായറാഴ്ച പകൽ സമയത്ത് ഉപയോഗം 400 മെഗാവാട്ടോളം കുറഞ്ഞതായി ഉന്നതോദ്യോഗസ്ഥർ പറഞ്ഞു. പകൽ പത്തുമണിക്കുശേഷം കൂടിവരികയാണ് പതിവ്. എന്നാൽ മറിച്ചാണ് സംഭവിച്ചത്. വിതരണശൃംഖയിൽ നേരിട്ട തടസ്സമാണ് പ്രധാനകാരണമായി പറയുന്നത്. ഇതുപരിഹരിക്കാൻ ശ്രമം നടക്കുകയാണ്.

മഴകാരണം ആവശ്യം കുറഞ്ഞതോടെ പുറത്തുനിന്ന് കൊണ്ടുവരുന്ന വൈദ്യുതിയുടെ അളവ് കുറച്ചിട്ടുണ്ട്. ജിൻഡാലിലെ ഒരു യൂണിറ്റിൽനിന്നുള്ള വൈദ്യുതിയെ വാങ്ങുന്നുള്ളൂ. താൽച്ചറിൽനിന്ന് യൂണിറ്റിന് 1.61 രൂപയ്ക്ക് (എല്ലാ ചെലവുകളും ചേർത്ത് 2.03 രൂപ) വൈദ്യുതി കിട്ടുന്നതിനാൽ അത് പതിവുപോലെ വാങ്ങുന്നുണ്ട്. ഉത്തരേന്ത്യയിൽ ആവശ്യക്കാർ കുറഞ്ഞതിനാൽ കേരളം വിൽക്കുന്ന വൈദ്യുതിക്ക് മൂന്നു രൂപയിൽ താഴെയേ ഇപ്പോൾ കിട്ടുന്നുള്ളൂ. എട്ടരരൂപ വരെ കിട്ടിയിരുന്നതാണ്. ഇപ്പോൾ ദിവസേന 22 ലക്ഷം യൂണിറ്റ് വൈദ്യുതി വരെ വിൽക്കുന്നുണ്ട്. ഉയർന്ന നിരക്ക് ലഭിച്ചപ്പോൾ 45 ലക്ഷം യൂണിറ്റ് വരെ വിറ്റിരുന്നു.